പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3279 — 11/05/2017 ൽ മറുപടിക്ക്

**പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം -I ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത നടപടികളിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (ബി) പ്രസ്തുത നടപടികളിലൂടെ കൈവരിച്ച നേട്ടങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം സർക്കാർ നടത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിനു പുറമേ ഒരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കി. ഇത്തരം അവലോകനങ്ങൾ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായിച്ചു.

ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുൻ കാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്കു പുറമെ 23 കോടി രൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.

വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമതകൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പു വരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കൂയെന്ന് കണ്ടെത്തിയതിൻെറ അടിസ്ഥാനത്തിലാണ് അടുത്ത സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ

വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിനായി അടുത്ത സാമ്പത്തിക വർഷം 2017-18 പ്രവർത്തന മൂലധനസഹായം ഉൾപ്പെടെയുള്ള ആധുനികവത്ക്കരണ പദ്ധതികൾക്കായി പദ്ധതി വിഹിതം 270 കോടിരൂപയായി ഉയർത്തി വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കു പുറമേ **കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമൻറ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്** എന്നീ സ്ഥാപനങ്ങളിൽ വിപുലമായ പദ്ധതികൾ പ്രത്യേക ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

**ടൈറ്റാനിയത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു ഉൽപ്പാദന സമുച്ചയം** സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ ഉത്തരവ് G.O.(Rt) No.61/2017/ID dt.11/01/2017 പ്രകാരം ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ടെക്സ്റ്റൈൽ മേഖല**യിലെ സ്ഥാപനങ്ങളുടെ സ്ഥായിയായ പ്രവർത്തനത്തിനും ഉന്നമനത്തിനുമായി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു **വിദഗ്ദ്ധ കമ്മിറ്റി**യെ സർക്കാർ ഉത്തരവ് G.O.(Rt) No.88/2017/ID dt.18/01/2017 പ്രകാരം ചുമതലപ്പെടുത്തുകയും. പ്രസ്തുത കമ്മിറ്റി പ്രവർത്തനമാരംഭിക്കുകയും ചെയ്തു

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

2016-17 വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ഫലത്തിലുണ്ടായ നേട്ടങ്ങളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

- 2016-17 സാമ്പത്തിക വാർഷാവസാനം പ്രവർത്തന അവലോകനത്തിനായി പരിഗണിച്ച മൊത്തം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലും, 27 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.

  [2015-16 സാമ്പത്തിക വർഷത്തിൽ 10 സ്ഥാപനങ്ങളാണ് ലാഭം റിപ്പോർട്ട് ചെയ്തിരുന്നത്. ഇവയിൽ KSIE, KEMDEL എന്നീ സ്ഥാപനങ്ങൾ 2016-17ൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 8 സ്ഥാപനങ്ങൾ 2016-17ലും ലാഭം ആണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ 2015-16-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 5 കമ്പനികൾ 2016-17ൽ ലാഭകരമാകുവാൻ സാധിച്ചു.]
- 2016-17 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന 13 സ്ഥാപനങ്ങൾ താഴെ പറയുന്നു.

  1 ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്
  2 കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
  3 ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ്
  4 ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
  5 മലബാർ സിമൻറ്സ് ലിമിറ്റഡ്
  6 കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
  7 സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ്
  8 ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
  9 ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ്
  10 ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ്
  11 കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
  12 സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ്
  13 കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
- കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു.
- ഈ കാലയളവിൽ ഏറ്റവും. കൂടുതൽ ലാഭം ഉണ്ടാക്കിയ സ്ഥാപനം KMML ആണ്. KMML-ൻെറ ലാഭം 40.37 കോടിരൂപയായി ഉയർത്തുവാൻ സാധിച്ചു.
- 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.60 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 71.34 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു.

- ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം ലാഭം 99.85 കോടിരൂപയായി. ഇവയുടെ മൊത്തം വിറ്റുവരവ് 2159.38 കോടിരൂപയാണ്.
- 17 സ്ഥാപനങ്ങൾക്ക് നഷ്ടം കുറച്ചു കൊണ്ടുവരുവാൻ സാധിച്ചു
- ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളും, ബാംബൂ കോർപ്പറേഷനും ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.
- **ടെക്സ്റ്റൈൽ മേഖല**യിലെ പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ **15 കോടി** രൂപയുടെ അധിക ധനസഹായം നൽകുകവഴി ആരംഭിക്കുവാൻ സാധിച്ചു. ഇതിന്റെ ഭാഗമായി കേന്ദ്രീകൃതമായി പരുത്തി വാങ്ങുന്നതിനുള്ള സംവിധാനം പുന:രാരംഭിക്കുവാൻ സാധിച്ചു.

സെക്ഷൻ ഓഫീസർ